നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി.07.03.2022

സർക്കുലർ

പ്രിയ സുഹൃത്തെ,

സോഷ്യൽ ഓഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇതിനകം ഉയർന്നു വന്നിട്ടുള്ള ചില കാര്യങ്ങൾക്ക് വ്യക്തത വരുത്തുന്നു. ഒന്ന്, ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ച കളിലും മറ്റ് അവധി ദിവസങ്ങളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും പബ്ലിക്ക് ഹിയറിംഗ് യോഗവും നടത്താൻ കഴിയുമോ എന്നതു സംബന്ധിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്നപക്ഷം നിശ്ചയമായും ഞായറാഴ്ച ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിൽ ഗ്രാമസഭകളും പബ്ലിക് ഹിയറിംഗ് യോഗവും നടത്താവുന്ന താണ്. ഇത്തരം യോഗങ്ങൾ പ്രവൃത്തി ദിവസമായി കണക്കാക്കുന്നതും വേതനം അനുവദിക്കുന്നതുമാണ്.

രണ്ട്, നാം ഇപ്പോൾ 2021 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള സോഷ്യൽ ഓഡിറ്റ് ആണല്ലോ നടത്തിവരുന്നത്. ഈ കാലയളവിലെ സോഷ്യൽ ഓഡിറ്റ് 2022 മാർച്ച് മാസം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം തുടർന്നുള്ള ഏപ്രിൽ മാസം സോഷ്യൽ ഓഡിറ്റ് ബാക്കിയുള്ള പഞ്ചായത്തുകളിലും വാർഡുകളിലും തുടരേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് ഒരു തുടർപ്രക്രിയയാണ് എന്നതിനാൽ 2021 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള കാലത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് ബാക്കിയുള്ള മുഴുവൻ പഞ്ചായത്തുകളിലും പൂർത്തിയാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണെന്ന കാര്യം വ്യക്തമാക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ

കോപ്പി:
1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ്പേഴ്സൺമാർക്കും
3. എല്ലാ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും (ബി.ആർ.പി.മാർ വഴി)